# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | V.SUDHEER KUMAR |
| | 9447083300 | 9447303578 | 7012655030 |


No. KEEC/GL/2024/14

തിരുവനന്തപുരം
25.03.2024

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : - മാസങ്ങളോളം സസ്പെൻഷനിൽ കഴിയുന്ന ജീവനക്കാരോട് സസ്പെൻഷൻ റിവ്യൂ കമ്മിറ്റി കാണിക്കുന്ന അനീതി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : - നിരവധി ജീവനക്കാരുടെ അപേക്ഷകൾ

KSEBL ലെ ഫീൽഡിലെ ജോലി മറ്റു മേഖലകളിൽ നിന്നും വ്യത്യസ്തമാണല്ലോ. ജോലിക്കിടയിൽ ഏറ്റവും കൂടുതൽ ജീവനക്കാർ മരണപ്പെടുന്നതും KSEBL ആണല്ലോ. ~~[illegible]~~ ഇതിനെല്ലാം ഉത്തരവാദികൾ ജീവനക്കാർ ആണെന്നുള്ള മനോഭാവമാണ് KSEBL ന്. ഇത് തികച്ചും മനുഷ്യത്വരഹിതവും നിയമവിരുദ്ധവുമാണ്. അപകട മേഖലയിൽ ജോലി ചെയ്യുന്നവർക്കുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാൻ ബോർഡിന് കഴിയുന്നില്ല. ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നില്ല. ഡയറക്ടർ, ചീഫ് എഞ്ചിനീയർ തുടങ്ങിയവർ ഇല്ലെങ്കിലും സ്ഥാപനം പ്രവർത്തിക്കും, പക്ഷെ താഴെത്തട്ടിൽ ജീവനക്കാർ ആവശ്യത്തിന് ഉണ്ടെങ്കിൽ മാത്രമേ സുഗമമായി പ്രവർത്തിക്കുവാൻ സാധിക്കൂ. 1991 കാലഘട്ടത്തിൽ 36 ലക്ഷം ഉപഭോക്താക്കൾ മാത്രമുള്ളപ്പോൾ 30000 ജീവനക്കാർ ഉണ്ടായിരുന്നു. 2016 ൽ 32000 ജീവനക്കാർ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ കേവലം 26000 ജീവനക്കാർ മാത്രം. ഫീൽഡിൽ ജീവനക്കാരുടെ എണ്ണം കുറയുമ്പോൾ, അധികഭാരം ഏൽപ്പിക്കുമ്പോൾ, ധൃതിയിൽ ചെയ്യുമ്പോൾ അപകടം ഉണ്ടാകുക എന്നത് സ്വാഭാവികം. അതിന്റെ പേരിൽ ഉടൻ സസ്പെൻഡ് ചെയ്യുന്നു. ആരും ആരെയും കറന്റ് അടിപ്പിക്കാറില്ല. പോസ്റ്റിൽ നിന്നും തള്ളിയിടാറില്ല. ഇവിടെയുണ്ടാകുന്ന അപകടങ്ങൾ

മനപൂർവ്വമല്ല,  ചുരുക്കം ചിലയിടങ്ങളിൽ ശ്രദ്ധക്കുറവ് വരാം. അതൊഴിച്ചാൽ എല്ലാ ഡ്യൂട്ടി അപകടങ്ങളുടെയും കാരണം മാനേജ്മെന്റിന്റെ കഴിവുകേട് തന്നെയാണ്. അതിന്റെ പേരിൽ സസ്പെൻഡ് ചെയ്യപ്പെട്ടവർ മാസങ്ങളോളം പുറത്തു നിൽക്കുന്നു. നാട്ടുകാരും വീട്ടുകാരും എന്തോ വലിയ കുറ്റവാളിയെപോലെ ഈ ജീവനക്കാരെ കാണുന്നു. നാളുകളോളം പുറത്ത് നിൽക്കുമ്പോൾ മാനസികമായി അവർ തകരുന്നു. അന്വേഷണം പൂർത്തിയായാലേ പുനഃപ്രവേശിപ്പിക്കാവൂ എന്ന വിവരശൂന്യമായ ഉത്തരവുകൾ വരെ KSEB സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ചിലരുടെ  കാര്യത്തിൽ ഇറക്കിയിട്ടുണ്ട്.  അച്ചടക്ക നടപടി ചട്ടങ്ങളിൽ ഒരിടത്തും അങ്ങനെ പറയുന്നില്ല. കമ്മിറ്റിയിൽപ്പെട്ടവർക്കും എല്ലാ അച്ചടക്ക നിയമങ്ങളും  ബാധകമാണ്.  ജീവനക്കാർ ടെൻഷൻമൂലം BP ഉൾപ്പടെയുള്ള രോഗങ്ങൾക്ക് അടിമയാകുന്നു. സസ്പെൻഡ് ചെയ്യപ്പെട്ട ആളിന് ആദ്യത്തെ 3 മാസം Subsistence Allowance 50% വും അടുത്ത 3 മാസം 75% വും 6 മാസത്തിന് ശേഷം മുഴുവൻ ശമ്പളവും ലഭിക്കുന്നു. (ഇത് ആരുടേയും ഔദാര്യമല്ല [redacted], Subsistence Allowance Act പ്രകാരമാണല്ലോ) അപ്പോൾ 6 മാസത്തിനുശേഷം ഒരാൾ സസ്പെൻഷനിൽ നിന്നാൽ അത് സാമ്പത്തികമായി ബോർഡിന് നഷ്ടമാണ്.

സസ്പെൻഷൻ ഒരു ശിക്ഷയാല്ലല്ലോ. ജോലിയിൽ ഇരുന്ന് സ്വാധീനിച്ച് അന്വേഷണത്തെ തടസ്സപെടുത്താതിരിക്കാനാണല്ലോ സസ്പെൻഡ് ചെയ്യുന്നത്. ശിക്ഷ നൽകുന്നത് അന്വേഷണ ത്തിന്റെ അടിസ്ഥാനത്തിലാണല്ലോ. അപ്പോൾ സസ്പെൻഡ് ചെയ്യപ്പെട്ട വ്യക്തിയെ 15 ദിവസത്തിനകം മറ്റൊരു ഓഫീസിലേക്ക് മാറ്റി പുനഃപ്രവേശിപ്പിക്കാമെന്നിരിക്കെ മാസങ്ങളോളം പുറത്തു നിർത്തുന്നു.  നിരവധി പേർ ഇപ്പോൾ പുനഃപ്രവേശനം കാത്തിരിക്കുന്നു. സസ്പെൻഡ് ചെയ്യപ്പെട്ടവരെ പുനഃപ്രവേശിപ്പിക്കാനുള്ള കമ്മിറ്റിയുടെ ഓമനപ്പേരാണ് സസ്പെൻഷൻ റിവ്യൂ കമ്മിറ്റി.  ഈ കമ്മിറ്റിയിൽ സെക്രട്ടറി, വിജിലൻസ് പ്രതിനിധി, ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, സീനിയർ സൂപ്രണ്ട്. ഇവരാരും പോസ്റ്റിൽ കയറിയിട്ടുള്ളവരോ, വെയിൽ കൊള്ളുന്നവരോ, ഫീൽഡിൽ അലഞ്ഞു വിയർത്ത് ജോലി ചെയ്ത് അതിന്റെ ബുദ്ധിമുട്ട് അറിയുന്നവരോ അല്ലല്ലോ. കമ്മിറ്റിക്കാരിൽ 7 മീറ്റർ പോസ്റ്റിന്റെ മുകളിലേക്ക് നോക്കിയാൽ തലകറങ്ങുന്നവർ വരെ കാണാം. അവരാണ് പുനഃപ്രവേശനം തീരുമാനിക്കുന്നത്. സ്വാഭാവികമായും അവരെ കുറ്റം പറയാൻ പറ്റില്ല കാരണം 48° C ചൂടിൽ ജോലി ചെയ്യുന്നവന്റെ മാനസിക നില അവർക്കു അറിയില്ലല്ലോ.

KSEBL നെ സംബന്ധിച്ചിടത്തോളം ജീവനക്കാർ വരുത്തിവച്ച നഷ്ടങ്ങളൊന്നും നാളിതുവരെ ഉണ്ടായിട്ടില്ല.  എന്നാൽ ചുരുക്കം ചില വലിയ നഷ്ടങ്ങൾ കൂടി ചൂണ്ടിക്കാണിക്കുന്നു. ഇതിലൊന്നും തൊഴിലാളികൾ ഭാഗമല്ലേ.

1. Rs. 4.29 കരാർ വേണ്ടായെന്ന് വച്ചത് വഴി പ്രതിദിനം 10 കോടി നഷ്ടം
2. പുരപ്പുര സോളാർ ഗ്രോസ് മീറ്ററിങ് പ്രതിമാസം 40 കോടി നഷ്ടം

3. ഗൂഗിൾ പേ ഉൾപ്പടെയുള്ള സൗകര്യം അനാവശ്യമായി ചെയ്തതിന്റെ പേരിൽ പ്രതിമാസം 1 കോടി അധിക ബാധ്യത. അടുത്തിടെ കൂട്ടിയ വർക്ക് ലേബർ ചാർജിൽ KSEB ക്ക് യാതൊരു നേട്ടവുമില്ലാതെ ഉപഭോക്താക്കൾക്ക് ഇരുട്ടടി നല്കിയതിൽ ഉപഭോക്താക്കൾക്കാണ് നഷ്ടം ഉണ്ടാകുന്നത്. അവർ KSEB യെ തള്ളിപ്പറയുന്ന സാഹചര്യം സൃഷ്ടിച്ചു.
4. KFON വഴി കോടികൾ ബാധ്യത
5. ഭൂതത്താൻകെട്ട് പ്രോജക്റ്റ് ചൈനീസ് കമ്പനിക്ക് KSEB കൊടുത്ത തുകയ്ക്കുള്ള സാധനം കിട്ടിയോ എന്ന ചോദ്യം ഇപ്പോഴും അവശേഷിക്കുന്നു.

ഇതിന്റെയൊക്കെ ഉത്തരവാദികൾ വിലസുമ്പോൾ കേവലം പെറ്റി സംഭവങ്ങളുടെ പേരിൽ നാളുകളോളം ജോലിക്ക് പുറത്ത് നിർത്തുന്നത് അനീതിയാണ്. Natural Justice നു വിരുദ്ധമാണ്. ബോർഡ് മീറ്റിങ് നടക്കുമ്പോൾ ബോർഡ് ഹാളിലേക്ക് ഇടിച്ചുകയറി യോഗം തടസ്സപ്പെടുത്തിയവരെ തൊട്ടടുത്ത മാസങ്ങളിൽ തന്നെ പുനഃപ്രവേശിപ്പിച്ചു. അറ്റൻഡൻസിൽ തിരുത്ത് വരുത്തി ബോർഡിന് നഷ്ടം ഉണ്ടാക്കിയവരെ ശാസനയിൽ ഒതുക്കി. Application നൊപ്പം നൽകുന്ന stamp മോഷ്ടിച്ചവരെയും ശാസനയിൽ ഒതുക്കി. ബോർഡിന്റെ വാഹനം ദുരുപയോഗം ചെയ്തവർ അടയ്ക്കേണ്ട പണം എഴുതിത്തള്ളിയ പാരമ്പര്യവും KSEB ക്കുണ്ട്. ബോർഡിന്റെ പ്രതിച്ഛായക്ക് കളങ്കം വരുത്തിയവർക്ക് ഒരു വർഷത്തോളം ശമ്പളം നൽകി. അങ്ങനെ നിരവധി തന്നിഷ്ടങ്ങൾ നടപ്പിലാക്കിയ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി കുറ്റം ചെയ്തവരെ അടുത്ത ബന്ധത്തിന്റെ പേരിൽ സംരക്ഷിച്ചുവെങ്കിൽ യാതൊരു മനസ്സറിവും ഇല്ലാതെ സംഭവിച്ചിട്ടുള്ള കാര്യങ്ങളിൽ നിരവധി ജീവനക്കാർ പുനഃപ്രവേശനം കാത്തിരിക്കുകയാണ്. ഇവരാരും തീവ്രവാദ കേസുകളിലോ, കൊലപാതക കേസുകളിലോ POCSO Act പ്രകാരം കേസുകളിലോ കുറ്റക്കാരല്ല. ജോലിയുടെ ഭാഗമായി നടന്നിട്ടുള്ള ചെറിയ ചെറിയ കാര്യങ്ങളാണ്. ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് എല്ലാവരെയും ഉടൻ പുനഃപ്രവേശിപ്പിക്കുന്നതിനുള്ള നിർദ്ദേശം സസ്പെൻഷൻ റിവ്യൂ കമ്മിറ്റിക്ക് അങ്ങയുടെ ഭാഗത്തുനിന്നും നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | വി.സുധീർ കുമാർ<br>ജനറൽ സെക്രട്ടറി |

**പകർപ്പ്**

1. ബഹു.ഡയറക്ടർ ഡിസ്ട്രിബ്യൂഷൻ
2. ബഹു.ചെയർപേഴ്സൺ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി
3. ബഹു.ചീഫ് എഞ്ചിനീയർ (HRM)

ELECTRICITY EMPLOYEES' CONFEDERATION Regn. No. 01-14/87 AFFL. No. 10485